(സി) എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ അക്വേറിയത്തിന്റെ പണി എന്ന് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) നെയ്യാർഡാമിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷറീസ്ഫാമിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(എഫ്) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മലമ്പുഴയിലും വയനാട് ജില്ലയിലെ പൂക്കോട്ടും രണ്ട് ശുദ്ധജല അക്വേറിയങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസക്തമല്ല.

(ഡി) പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ജില്ലാ കളക്ടർ ചെയർമാനായുള്ള തിരുവനന്തപുരം മത്സ്യ കർഷക വികസന ഏജൻസിയെ നിർമ്മാണ നടത്തിപ്പിന് നിയോഗിച്ചിട്ടുണ്ട്. വിശദവിവരം ശേഖരിച്ചു വരുന്നു.

(എഫ്) കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതാണ്.

12 (426) ഫിഷർമെൻ വെൽഫെയർ ഫണ്ടിലേക്ക് നൽകേണ്ട വിഹിതം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ ഏതെങ്കിലും മത്സ്യസംസ്ക്കരണശാലകൾ പൂട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്തെന്നു വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഫിഷർമെൻ വെൽഫെയർ ഫണ്ടിലേക്കുള്ള കുടിശ്ശിക അടയ്ക്കാത്തതിന്റെ പേരിൽ മത്സ്യകയറ്റുമതിക്കാരുടെമേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ഡി) മത്സ്യക്കയറ്റുമതിക്കാർ ഫിഷർമെൻ വെൽഫെയർ ഫണ്ടിലേക്ക് നൽകേണ്ട വിഹിതത്തെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്നു. കുടിശ്ശിക തുക 11/99 മുതൽ 24 മാസ തവണകളായി അടച്ചു തീർക്കണമെന്ന വ്യവസ്ഥയിൽ ജപ്തി നടപടികൾ 6 മാസത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) കമ്മീഷന്റെ പ്രവർത്തനം അവസാനഘട്ടത്തിലാണ്.

13 (427) പോളച്ചിറയിൽ മത്സ്യകൃഷിയും മത്സ്യകുളങ്ങളും ആരംഭിക്കുന്നതിന് നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിൽ പോളച്ചിറയിൽ മത്സ്യകൃഷിക്കും മത്സ്യ കുളങ്ങളും ആരംഭിക്കുന്നതിന് സർക്കാർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) മത്സ്യകൃഷിക്ക് ഏറ്റവും അനുയോജ്യമായ പോളച്ചിറയിൽ അടിയന്തിരമായി മത്സ്യകൃഷി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കാം.

(സി) ഇല്ല.

(ഡി) സ്വീകരിക്കാം.

14 (428) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് ഇതിനകം എത്ര വീടുകളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly